**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വിപണി ഇടപെടലിനായി ഓരോ സാമ്പത്തിക വർഷവും സപ്ലൈകോയ്ക്ക് വകയിരുത്തിയ തുക എത്രയാണ്; അനുവദിച്ച നൽകിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2025-26 സാമ്പത്തിക വർഷം വിപണിയിടപെടലിനായി വകയിരുത്തിയ 250 കോടി രൂപ പൂർണ്ണമായി സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും വിപണിയിടപെടലിനായി വകയിരുത്തിയതും, അനുവദിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓണവുമായി ബന്ധപ്പെട്ട വിപണി ഇടപെടലിനായി സപ്ലൈകോ ഈ വർഷം സർക്കാരിനോട് ആവശ്യപ്പെട്ട തുക എത്രയാണ്; എത്ര തുകയാണ് അനുവദിച്ച നൽകിയത്; എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചത്; സർക്കാരിനോട് തുക ആവശ്യപ്പെട്ട് സപ്ലൈകോ നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | (A) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | വിപണിയിടപെടലിനായി സർക്കാർ അനുവദിച്ച തുക | അതിജീവനക്കിറ്റ്, ഓണം കിറ്റ്/AAY കിറ്റ്, പഞ്ചസാര സബ്സിഡി | ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|---|---|---|
| 2021 - 22 | 150.00 | 75.00 | Covid kit = 1300.19 | 1570.87 |
| 2022-23 | 180.00 | - | Onam Kit = 400.00 | 985.97 |
| 2023-24 | 190.80 | 357.63 | 2021-22 Sugar subsidy = 0.90<br>Onam AAY kit = 32.27 | 390.80 |
| 2024-25 | 205.00 | 455.00 | Onam AAY kit = 34.29 | 489.29 |
| 2025-26 | 250.00 | 207.00 | Onam AAY kit = 43.00 | 159.00 |

**SUPPLYCO**
ESSENTIAL REQUIREMENTS TO THE REACH OF EVERYONE

**The Kerala State Civil Supplies Corporation Limited**
(A fully owned Government of Kerala undertaking)

P.B. No. : 2030
Maveli Bhavan
Maveli Road
Gandhi Nagar
Kochi - 682 020
GSTIN : 32AAACK6767FHZ5
CIN : U52209KL1974SGC002615

**KSCSC/1438/2024/A1(F)** തിയതി 18.07.2025

**സെക്രട്ടറി,**
**ഭക്ഷ്യപൊതുവിതരണ വകുപ്പ്**
**തിരുവനന്തപുരം**

**സർ,**

വിഷയം:- സപ്ലൈകോ- ഓണം 2025 – വിപണിയിടപെടലുമായി ബന്ധപെട്ടു അടിയന്തിര ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്:

സൂചന:-മാർക്കറ്റിംഗ് വിഭാഗത്തിലെ 04.06.2025-ലെ KSCSC/3102/2023-M2(MTNG) കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം 2025 മാർച്ച് വരെയുള്ള വിപണിയിടപെടൽ നഷ്ടത്തിന്റെ ക്ലെയിം സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു. ആയത് പ്രകാരം സർക്കാരിൽ നിന്നും 1767.56 കോടി രൂപയുടെ ക്ലെയിം സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്.

നിലവിൽ വിതരണക്കാർക്ക് നൽകുവാനുള്ള കുടിശിക ഇപ്രകാരമാണ്:

| | | **തുക കോടിയിൽ** |
|---|---|---|
| 1 | സബ്സിഡി | 355.00 |
| 2 | FMCG | 62.00 |
| 3 | ശബരി ഉത്പന്നങ്ങൾ | 15.00 |
| 4 | വെളിച്ചെണ്ണ | 20.00 |
| 5 | മെഡിസിൻ | 3.00 |
| 6 | ലോക്കൽ സപ്ലയർ | 13.00 |
| | **ആകെ** | **468.00** |

വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ ബജറ്റ് വിഹിതമായ 250 കോടി രൂപയിൽ, 100 കോടി രൂപ ഇതിനോടകം സർക്കാർ BDS ആയി അനുവദിച്ചിട്ടുണ്ട്.

എന്നാൽ 2025 ഓണം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ഏകദേശം **203** കോടി രൂപയുടെ അവശ്യ സാധനങ്ങൾ (സബ്സിഡി ഉത്പന്നങ്ങൾ) പഞ്ചസാര ഉൾപ്പെടെ ആവശ്യമുണ്ട്. അപ്രകാരം നിലവിലുള്ള കുടിശ്ശികയും, ഇനി

ആവശ്യമുള്ള സാധനങ്ങളുടെ വിലയും ചേർത്ത് ആകെ 671 കോടി രൂപ ആവശ്യമായി വരുന്നതാണ്. നിലവിലെ കുടിശ്ശിക തുകയുടെ 50% (468 X 50%) എങ്കിലും നൽകിയാൽ മാത്രമേ വിതരണക്കാർ ഓണക്കാലത്തേക്കുള്ള സാധനങ്ങൾ വിതരണം ചെയ്യാൻ തയ്യാറാവുകയുള്ളു.

ആയതിനാൽ 2025 ഓണസമയത്തെ വിപണിയിടപെടൽ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനായി 200 കോടി രൂപ കൂടി അടിയന്തിരമായി അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഓണം വിപണിയിടപെടലിനായി 184.29 കോടി രൂപ അനുവദിച്ചിരുന്നു.

ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയ 100 കോടി രൂപ BDS മുഖേനേ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശിച്ചതിനാൽ, അവശ്യ സാധനങ്ങൾ വിതരണം ചെയ്ത എല്ലാ വിതരണക്കാർക്കും പേയ്മെന്റ് നൽകുവാൻ സാങ്കേതിക തടസ്സം നേരിടുന്നുണ്ട്. NCDEX മുഖേനേ അല്ലാതെ വിതരണക്കാരിൽ നിന്നും നേരിട്ട് നടത്തുന്ന പർച്ചേസുകളുടെ പേയ്മെന്റ് മാത്രമേ BDS പദ്ധതി വഴി നടത്തുവാൻ സാധിക്കുകയുള്ളു. ആയത് മൂലം പഞ്ചസാര, ചെറുകിട വിതരണക്കാർ, മെഡിസിൻ, ലോക്കൽ സപ്ലയർ ശബരി ബ്രാൻഡ് വിതരണക്കാർ എന്നീ വിതരണക്കാരുടെ പേയ്മെന്റ് തടസ്സപെടുന്ന സാഹചര്യം ഉണ്ടാകുന്നു കൂടാതെ BDS മുഖേനേ ഫണ്ട് ലഭ്യമാക്കുന്നതിനു/ചിലവഴിക്കുന്നതിനു കൺസോർഷ്യം ബാങ്കുകളുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന 200 കോടി രൂപ BDS മുഖേനേ അല്ലാതെ ട്രഷറി മുഖാന്തിരം തന്നെ സപ്ലൈകോയ്ക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

മാനേജിങ് ഡയറക്ടർ

പകർപ്പ്:-പ്രൈവറ്റ് സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ ഓഫീസ്

THE KERALA STATE CIVIL SUPPLIES CORPORATION GANDHI NAGAR KOCHI-20

**SUPPLYCO**
ESSENTIAL REQUIREMENTS TO THE REACH OF EVERYONE
**The Kerala State Civil Supplies Corporation Limited**
(A fully owned Government of Kerala undertaking)

P.B. No. : 2030
Maveli Bhavan
Maveli Road
Gandhi Nagar
Kochi - 682 020
GSTIN : 32AAACK6767FHZ5
CIN : U52209KL1974SGC002615

**KSCSC/1438/2024/A1(F)** തിയതി 18.07.2025

**സെക്രട്ടറി,**
**ഭക്ഷ്യപൊതുവിതരണ വകുപ്പ്**
**തിരുവനന്തപുരം**

**സർ,**

വിഷയം:- സപ്ലൈകോ- ഓണം 2025 – വിപണിയിടപെടലുമായി ബന്ധപെട്ടു അടിയന്തിര ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്:

സൂചന:-മാർക്കറ്റിംഗ് വിഭാഗത്തിലെ 04.06.2025-ലെ KSCSC/3102/2023-M2(MTNG) കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം 2025 മാർച്ച് വരെയുള്ള വിപണിയിടപെടൽ നഷ്ടത്തിന്റെ ക്ലെയിം സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു. ആയത് പ്രകാരം സർക്കാരിൽ നിന്നും 1767.56 കോടി രൂപയുടെ ക്ലെയിം സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്. നിലവിൽ വിതരണക്കാർക്ക് നൽകുവാനുള്ള കുടിശിക ഇപ്രകാരമാണ്:

| | | **തുക കോടിയിൽ** |
|---|---|---|
| 1 | സബ്സിഡി | 355.00 |
| 2 | FMCG | 62.00 |
| 3 | ശബരി ഉത്പന്നങ്ങൾ | 15.00 |
| 4 | വെളിച്ചെണ്ണ | 20.00 |
| 5 | മെഡിസിൻ | 3.00 |
| 6 | ലോക്കൽ സപ്ലയർ | 13.00 |
| | **ആകെ** | **468.00** |

വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ ബജറ്റ് വിഹിതമായ 250 കോടി രൂപയിൽ, 100 കോടി രൂപ ഇതിനോടകം സർക്കാർ BDS ആയി അനുവദിച്ചിട്ടുണ്ട്.

എന്നാൽ 2025 ഓണം വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ഏകദേശം **203** കോടി രൂപയുടെ അവശ്യ സാധനങ്ങൾ (സബ്സിഡി ഉത്പന്നങ്ങൾ) പഞ്ചസാര ഉൾപ്പെടെ ആവശ്യമുണ്ട്. അപ്രകാരം നിലവിലുള്ള കുടിശ്ശികയും, ഇനി

Telephone : Office : 0484 2206775, 2206795. Fax : 0484-2206799
E-mail : info@supplycomail.com Website : www.supplycokerala.com

ആവശ്യമുള്ള സാധനങ്ങളുടെ വിലയും ചേർത്ത് ആകെ 671 കോടി രൂപ ആവശ്യമായി വരുന്നതാണ്. നിലവിലെ കുടിശ്ശിക തുകയുടെ 50% (468 X 50%) എങ്കിലും നൽകിയാൽ മാത്രമേ വിതരണക്കാർ ഓണക്കാലത്തേക്കുള്ള സാധനങ്ങൾ വിതരണം ചെയ്യാൻ തയ്യാറാവുകയുള്ളു.

ആയതിനാൽ 2025 ഓണസമയത്തെ വിപണിയിടപെടൽ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനായി 200 കോടി രൂപ കൂടി അടിയന്തിരമായി അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഓണം വിപണിയിടപെടലിനായി 184.29 കോടി രൂപ അനുവദിച്ചിരുന്നു.

ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയ 100 കോടി രൂപ BDS മുഖേനേ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശിച്ചതിനാൽ, അവശ്യ സാധനങ്ങൾ വിതരണം ചെയ്ത എല്ലാ വിതരണക്കാർക്കും പേയ്മെന്റ് നൽകുവാൻ സാങ്കേതിക തടസ്സം നേരിടുന്നുണ്ട്. NCDEX മുഖേനേ അല്ലാതെ വിതരണക്കാരിൽ നിന്നും നേരിട്ട് നടത്തുന്ന പർചേസുകളുടെ പേയ്മെന്റ് മാത്രമേ BDS പദ്ധതി വഴി നടത്തുവാൻ സാധിക്കുകയുള്ളു. ആയത് മൂലം പഞ്ചസാര, ചെറുകിട വിതരണക്കാർ, മെഡിസിൻ, ലോക്കൽ സപ്ലയർ ശബരി ബ്രാൻഡ് വിതരണക്കാർ എന്നീ വിതരണക്കാരുടെ പേയ്മെന്റ് തടസ്സപെടുന്ന സാഹചര്യം ഉണ്ടാകുന്നു കൂടാതെ BDS മുഖേനേ ഫണ്ട് ലഭ്യമാക്കുന്നതിനു/ചിലവഴിക്കുന്നതിനു കൺസോർഷ്യം ബാങ്കുകളുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന 200 കോടി രൂപ BDS മുഖേനേ അല്ലാതെ ട്രഷറി മുഖാന്തിരം തന്നെ സപ്ലൈകോയ്ക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

മാനേജിങ് ഡയറക്ടർ

പകർപ്പ്:-പ്രൈവറ്റ് സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ ഓഫീസ്

THE KERALA STATE CIVIL SUPPLIES CORPORATION
GANDHI NAGAR
KOCHI-20